# തങ്ങളുടെ ഭൗതീകമായ തൊഴിലിൽ വിസ്വസ്തരായിരിക്കുന്നവരെയാണ് ദൈവം തൻറെ വേലക്കായി വിളിക്കുന്നത്.

സാക് പുന്നൻ

WFTW 14 ഏപ്രിൽ 2012

എലീശയ്ക്ക് ശേഷം 40 വർഷം കഴിഞ്ഞാണ് ആമോസ് പ്രവചിച്ചു തുടങ്ങിയത്. നയമാൻറെ പണത്തിനു പുറകെ പോയി സ്വയം നശിച്ചില്ലായിരുന്നുവെങ്കിൽ ഗേഹസിക്ക് എലീശായുടെ ഇരട്ടി പങ്കു അഭിഷേകത്തോടെ യിസ്രായേലിൻറെ അടുത്ത പ്രവാചകനാകാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. അങ്ങനെയെങ്കിൽ ആമോസിന് പകരം ഈ പ്രവചനം എഴുതുക ഗേഹസി ആയിരുന്നേനെ. ഈയൊരു അവകാശം ഗേഹസി നഷ്ടപ്പെടുത്തിക്കളഞ്ഞു. നിങ്ങളുടെ കിരീടം ആരും എടുത്തുകൊണ്ടു പോകാതെ സൂക്ഷിക്കണമെന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു (വെളി.3:11).

ദൈവം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ശുശ്രൂഷയിൽ വിശ്വസ്തനായിരുന്നാൽ ദൈവം നിങ്ങൾക്കായി ഒരു കിരീടം വച്ചിരിക്കുന്നു. നിങ്ങൾ വിശ്വസ്തനല്ലെങ്കിൽ ആ കിരീടം നിങ്ങൾക്ക് നഷ്ടപ്പെടാം. അപ്പോൾ നിങ്ങൾക്കായി വച്ചിരുന്ന ശുശ്രൂഷ മറ്റൊരാളിലൂടെ ദൈവം പ്രവർത്തിക്കുകയും നിങ്ങൾക്കായുള്ള കിരീടം അയാൾക്ക് ലഭിക്കുകയും ചെയ്യും. അതുകൊണ്ട് ഗേഹസിയുടെ കിരീടം ആമോസിനായിരിക്കും ലഭിച്ചത്.

ഒരു പ്രവാചകനാകണമെന്ന ആഗ്രഹമുള്ളവനായിരുന്നില്ല ആമോസ്. ആദ്യ അപ്പോസ്തോലന്മാർ മീൻപിടുത്തക്കാർ ആയിരുന്നതുപോലെ അവനൊരു സാധാരണ ഇടയൻ മാത്രമായിരുന്നു. എലീശ ഒരു കർഷകനായിരുന്നു. ആമോസ് കന്നുകാലികളെ നോക്കുന്നവനും അത്തി വൃക്ഷങ്ങൾ പരിപാലിക്കുന്നവനും ആയിരുന്നു. അവൻറെ യോഗ്യത ചോദ്യം ചെയ്യപ്പെട്ടപ്പോൾ ഇങ്ങനെയാണ് പറഞ്ഞത്, 'ഞാൻ ഒരു പ്രവാചകനായിരുന്നില്ല, പ്രവാചകന്മാരുടെ കുടുംബത്തിൽ പെട്ടവനുമായിരുന്നില്ല. പകരം ഞാൻ ഒരു കാലി വളർത്തുകാരനും കാട്ടത്തിക്കായ കീറുന്നവനുമായിരുന്നു. പക്ഷെ യഹോവ എന്നെ ആടുവളർത്തുകാരിൽ നിന്നെടുത്തിട്ട് എന്നോട് പറഞ്ഞു 'ചെന്ന് യഹോവയുടെ ജനമായ യിസ്രായേലിനെതിരായി പ്രവചിക്കുക (ആമോസ്. 7:415).

ഒരു പ്രവചന സന്ദേശമെഴുതുവാൻ ആമോസിനെ ദൈവം തെരഞ്ഞെടുത്തത് എന്തുകൊണ്ടാണ്? ദൈവം ആമോസിനെ ശ്രദ്ധിച്ചപ്പോൾ (നമ്മെയും ശ്രദ്ധിക്കുന്നതുപോലെ) അവൻ ദൈവഭയമുള്ളവനും തൻറെ ജോലിയിൽ വിസ്വസ്തനുമാണെന്നു കണ്ടു. ആമോസ് വലിയ ജ്ഞാനിയോ പുരോഹിതനോ ആയിരുന്നില്ല. എന്നാൽ അവൻ തൻറെ ജോലിയിൽ വിശ്വസ്തനായിരുന്നു. അവൻ ദൈവഭയമുള്ളവനും ദരിദ്രരോടു കരുണയുള്ളവനുമായിരുന്നു. ഒരു നാൾ ദൈവം അവനെ വിളിച്ച് അവനോടു പറഞ്ഞു,'നീ എൻറെ ദാസനായിരിക്കുവാൻ പോവുകയാണ്'

ദൈനംദിന ജീവിതത്തിൽ നാം വിസ്വസ്തരാണോ എന്ന് ദൈവം ശ്രദ്ധവച്ചു നോക്കുന്നു. നാം എപ്പോഴും താഴ്മയുടെ വഴിയിൽ ആണോ നടക്കുന്നതെന്നും ദൈവശബ്ദം കേൾക്കുന്നതിനും, ദൈവവചനം പഠിക്കുന്നതിനും നാം സമയമെടുക്കുന്നുണ്ടോയെന്നും അവിടുന്ന് നോക്കുന്നു. ഒരു പക്ഷെ ആമോസ് കഴിഞ്ഞ 25 വർഷവും വിസ്വസ്തനായിരുന്നിരിക്കാം, എനിക്കറിയില്ല. യേശു തൻറെ പരസ്യ ശുശ്രൂഷ തുടങ്ങുന്നതിനു മുമ്പ് നസ്രേത്തിൽ 30 വർഷക്കാലം വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചു എന്നെനിക്കറിയാം. ചെറിയ കാര്യങ്ങളിൽ പോലും വിശ്വസ്തനായി ദീർഘകാലമിരിക്കുമ്പോൾ ഒരു പക്ഷെ ദൈവം നിങ്ങളെ മറന്നുവോ എന്ന് തോന്നാം. എന്നാൽ അങ്ങനെയല്ല, ഒരു ദിവസം നിങ്ങളോട് പറയും, ' ഇന്നുമുതൽ നീ എൻറെ ദാസനാണ്'. ഭൗതീക തൊഴിലിൽ വിസ്വസ്തരായവരെയാണ് ദൈവം തൻറെ വേലയ്ക്കായി വിളിക്കുന്നത്. പഴയ നിയമകാലത്ത് ദൈവം അത് ചെയ്തു. തങ്ങളുടെ ഭൗതീക തൊഴിലിൽ വിസ്വസ്തരായിരുന്നവരെയാണ് യേശുവും അപ്പോസ്തോലന്മാരായി വിളിച്ചത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)